<u>**പതിനാലാം കേരള നിയമസഭ**</u>

<u>**പതിനെട്ടാം സമ്മേളനം**</u>

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **505** | **04.02.2020** - ൽ മറുപടി നൽകേണ്ടിയിരുന്നത് |

<u>**ജി.എസ്.റ്റി. കണക്കുകൾ**</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.എൻ.എ ഖാദർ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.റ്റി. നടപ്പിലാക്കുന്നതിനുമുമ്പ് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ വകുപ്പിൽ ഒരിക്കൽ സമർപ്പിച്ച് തീർപ്പാക്കിയിട്ടുള്ള കണക്കുകളിൽ പൊരുത്തക്കേടുണ്ടെന്നും, പുനഃപരിശോധനയ്ക്ക് വിധേയമാക്കണമെന്നും കാണിച്ച് വ്യാപാരികൾക്ക് ഇപ്പോൾ നോട്ടീസ് അയയ്ക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (എ) | 2011-12, 2012-13 കാലഘട്ടങ്ങളിലെ നികുതി നിർണ്ണയങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ളതാണ്. ഈ ഫയലുകൾ അക്കൗണ്ടന്റ് ജനറൽ ആഡിറ്റിന് വിധേയമാക്കിയതിനുശേഷം എന്തെങ്കിലും അപാകതകൾ കണ്ടെത്തുകയാണെങ്കിൽ പ്രസ്തുത നികുതി നിർണ്ണയ ഉത്തരവുകൾ പുനർനിർണ്ണയം നടത്തേണ്ടതായിട്ടുണ്ട്. അപ്രകാരമുള്ള കേസുകളിൽ ആണ് അക്കൗണ്ടന്റ് ജനറൽ പരാമർശിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാട്ടി വ്യാപാരികൾക്ക് വീണ്ടും നോട്ടീസുകൾ നൽകുന്നത്. വ്യാപാരികൾക്ക് മറുപടി സമർപ്പിക്കുവാനും ഹിയറിംഗിനും അവസരം നൽകിയതിനു ശേഷമാണ് പുനർനിർണ്ണയ ഉത്തരവുകൾ പുറപ്പെടുവിക്കുന്നത്. ഇത് നിയമപരമായുള്ള നടപടിക്രമമാണ്. 2013-14 വർഷത്തെ നികുതി നിർണ്ണയം പൂർത്തിയാക്കേണ്ട നിയമപരമായ കാലാവധി 2020 മാർച്ച് 31 വരെയാണ്. പ്രസ്തുത കാലയളവിനുള്ളിൽ നികുതി നിർണ്ണയ അധികാരികൾ വ്യാപാരികൾ സ്വയം നികുതി നിർണ്ണയം നടത്തി ഫയൽ ചെയ്ത് റിട്ടേണുകൾ KVATIS-ലെ വിവരങ്ങളുമായി സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ പ്രീ അസ്സസ്സ്മെന്റ് നോട്ടീസ് നൽകുകയാണ് ചെയ്യുന്നത്.<br><br>ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് നൽകിയ പ്രീ അസസ്സ്മെന്റ് നോട്ടീസുകളിൽ സൂചിപ്പിച്ചിട്ടുള്ള വിറ്റുവരവ് മറച്ചുവയ്ക്കൽ, |

| | | | |
|---|---|---|---|
| | | | വാങ്ങൽ മറച്ചുവയ്ക്കൽ തുടങ്ങിയവ എപ്രകാരം എത്തിച്ചേർന്നുവെന്ന കാര്യം വിശദമായി രേഖപ്പെടുത്തിയിട്ടില്ലായെന്ന ആക്ഷേപം ഉണ്ടായിട്ടുണ്ട്. മാത്രമല്ല വ്യാപാരികൾക്ക് അനുവദനീയമായ പല ഇളവുകളും കണക്കി ലെടുക്കാതെയാണ് നോട്ടീസ് തയ്യാറാക്കിയി ട്ടുള്ളതെന്ന ആക്ഷേപവും ഉന്നയിക്കപ്പെട്ടിട്ടുണ്ട്.<br><br>വ്യാപാര സംഘടനകൾ ആക്ഷേപങ്ങൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ അവരുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചകളുടെ വെളിച്ചത്തിൽ ജനറൽ സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് പുതിയ നോട്ടീസുകൾ നൽകേണ്ടതില്ലായെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സ്ക്രൂട്ടിണി മോഡ്യൂൾ ഉപയോഗിച്ച് വ്യാപാരികൾക്ക് നൽകിയിട്ടുള്ള നോട്ടീസുകൾ പിൻവലിച്ചശേഷം കേരള വാറ്റ് നിയമത്തിലെ വകുപ്പ് 25(1) പ്രകാരം ഉചിതമായ കേസുകളിൽ മാത്രം ബഹു. ഹൈക്കോടതി N. Jaya V. Commercial Tax Officer & Another (2017) 25 KTR 449 (Ker) എന്ന കേസിൽ നിഷ്കർഷിച്ചതുപോലെ വിശദാംശങ്ങൾ എല്ലാം ഉൾക്കൊള്ളിച്ച് കൊണ്ടും നിയമപ്രകാരം നിലനിൽക്കുന്ന തുമായ പുതുക്കിയ നോട്ടീസ് വീണ്ടും നൽകുന്നതാണ്. എന്നാൽ കട പരിശോധന, വാഹന പരിശോധന, ഓഡിറ്റ്, ഏ.ജി.യുടെ നിരീക്ഷണങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ അസസ്സ്മെന്റ് നടപടികൾ തുടരുന്നതാണ്. |
| (ബി) | ഈ വിഷയത്തിൽ സ്വീകരിച്ചു വരുന്ന തുടർനടപടികൾ എന്തൊ ക്കെയെന്ന് അറിയിക്കാമോ; | (ബി) | സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി അപാകതകൾ കണ്ടെത്തുന്ന കേസുകളിൽ പ്രീ അസ്സസ്സ്മെന്റ് നോട്ടീസ് നൽകുന്നു. ഇപ്രകാരം നോട്ടീസ് നൽകിയ ഫയലുകളിൽ വ്യാപാരികൾക്ക് മറുപടി നൽകുന്നതിനുള്ള സമയം നൽകുകയും മറുപടി പരിഗണിച്ച് ഹിയറിംഗിനും അവസരം നൽകിയതിനു ശേഷമാണ് നികുതി നിർണ്ണയം പൂർത്തി യാക്കുന്നത്. |
| (സി) | ഒരിക്കൽ തീർപ്പാക്കിയ രേഖകളും കണക്കുകളും വീണ്ടും ഹാജരാക്കാൻ വ്യാപാരികൾക്ക് | (സി) | ഒരിക്കൽ തീർപ്പാക്കിയ കേസുകളിൽ റിട്ടേൺ സ്ക്രൂട്ടിനിയുടെയോ ഇന്റലിജൻസ് വിഭാഗ ത്തിന്റെ പരിശോധനയിലോ അക്കൗണ്ടന്റ് |

| | | | |
|---|---|---|---|
| | അക്കൗണ്ടന്റിനും ആഡിറ്റർക്കും വീണ്ടും ഫീസ് നൽകേണ്ടി വരുന്നത് അധിക സാമ്പത്തിക ബാദ്ധ്യതയ്ക്ക് ഇടയാകുമെന്നു വിലയിരുത്തിയിട്ടുണ്ടോ; | | ജനറലിന്റെ പരിശോധനയിലോ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തിയാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കണക്കുകൾ പുന പരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് നിയമപരമായി നികുതി നിർണ്ണയ ഓഫീസർക്ക് അധികാരമുണ്ട്. നികുതി നിർണ്ണയ നോട്ടീസ് പ്രകാരം ചൂണ്ടിക്കാണിച്ചിരിക്കുന്ന ക്രമക്കേടുകൾക്ക് തൃപ്തികരമായ തെളിവ് നൽകുക എന്നത് മൂല്യവർദ്ധിത നികുതി നിയമത്തിലെ വകുപ്പ് 9 പ്രകാരം വ്യാപാരിയിൽ നിക്ഷിപ്തമാണ്. കൃത്യമായി വ്യാപാരം ചെയ്യുന്ന വ്യാപാരികളെ നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട നോട്ടീസുകൾ ബാധിക്കുന്നില്ല. ഓഫീസിൽ നിന്ന് നൽകുന്ന നോട്ടീസുകൾക്ക് മറുപടി നൽകി ഹിയറിംഗിനു പങ്കെടുക്കുന്നത് വ്യാപാരിക്ക് സ്വമേധയായോ/ അധികാര പ്പെടുത്തിയ ടാക്സ് പ്രാക്ടീഷണർ വഴിയോ ചെയ്യാവുന്നതാണ്. |
| (ഡി) | പ്രളയത്തെത്തുടർന്നുണ്ടായ വ്യാപാരരംഗത്തെ ഇടിവും, പ്രളയസെസ്സ് ഏർപ്പെടുത്തിയ സാഹചര്യങ്ങളും കൊണ്ട് കേരളത്തിലെ വ്യാപാരികൾ നിലനില്പിനായി ബുദ്ധിമുട്ടുന്ന അവസ്ഥയിലായിരിക്കേ, സർക്കാരിന്റെ ഭാഗത്തുനിന്നുള്ള ഇത്തരം ഇടപെടലുകൾ നിയന്ത്രി ക്കാമോ; വിശദമാക്കാമോ? | (ഡി) | സത്യസന്ധമായി ക്രയവിക്രയ വിവരങ്ങൾ സൂക്ഷിച്ച് റിട്ടേൺ ഫയൽ ചെയ്ത് വ്യാപാരം ചെയ്യുന്ന വ്യാപാരികളെ ഇത്തരം നോട്ടീസുകൾ ബാധിക്കുന്നില്ല. റിട്ടേൺ സ്ക്രൂട്ടിനിയുടെയോ ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധന യിലോ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന യിലോ എന്തെങ്കിലും ക്രമക്കേടുകൾ കണ്ടെത്തി യാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ കണക്കുകൾ പുനപരിശോധിച്ച് നികുതി നിർണ്ണയം നടത്തുന്നതിന് നിയമപരമായി നികുതി നിർണ്ണയ ഓഫീസർക്ക് അധികാര മുണ്ട്. ഇത് അനാവശ്യ ഇടപെടലായി കണക്കാക്കാനാവില്ല. |

സെക്ഷൻ ഓഫീസർ